| 15-09-2025 | പ്രഭാത മുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - ബാബ വന്നിരിക്കുകയാണ് നിങ്ങളെ കർമ്മം- അകർമ്മം- വികർമ്മത്തിന്റെ ഗുഹ്യമായ ഗതി കേൾപ്പിക്കാൻ, ആത്മാവും ശരീരവും പവിത്രമാകുമ്പോൾ കർമ്മം അകർമ്മമായിരിക്കും, പതിതമാകുന്നതിലൂടെയാണ് വികർമ്മം സംഭവിക്കുന്നത്.**

**ചോദ്യം:-** ആത്മാവിൽ കറ പറ്റാനുള്ള കാരണമെന്താണ്? കറ പറ്റിയിട്ടുണ്ടെങ്കിൽ അതിന്റെ അടയാളമെന്താണ്?

**ഉത്തരം:-** പാപം പുരളാനുള്ള കാരണമാണ് - വികാരം. പതിതമാകുന്നതിലൂടെയാണ് കറ പറ്റുന്നത്. അഥവാ കറയുണ്ടെങ്കിൽ അവർക്ക് പഴയ ലോകത്തിന്റെ ആകർഷണമുണ്ടായികൊണ്ടിരിക്കും. ബുദ്ധി വികാരത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കും. ഓർമ്മയിലിരിക്കാൻ സാധിക്കില്ല.

**ഓം ശാന്തി**. കുട്ടികൾ ഇതിന്റെ അർത്ഥമെല്ലാം മനസ്സിലാക്കിക്കഴിഞ്ഞു. ഓം ശാന്തി എന്ന് പറയുന്നതിലൂടെ ഈ നിശ്ചയമുണ്ടാകുന്നു നമ്മൾ ആത്മാക്കൾ ഇവിടെ വസിക്കുന്നവരല്ല. നമ്മൾ ശാന്തിധാമത്തിൽ വസിക്കുന്നവരാണ്. എപ്പോഴാണോ വീട്ടിൽ കഴിയുന്നത് അപ്പോൾ നമ്മുടെ സ്വധർമ്മം ശാന്തിയായിരുന്നു, പിന്നീട് ഇവിടെ വന്ന് പാർട്ടഭിനയിക്കുന്നു, എന്തുകൊണ്ടെന്നാൽ ശരീരത്തോടൊപ്പം കർമ്മവും ചെയ്യേണ്ടിവരുന്നു. കർമ്മം ഒന്ന് നല്ലതും, മറ്റൊന്ന് മോശവും. കർമ്മം മോശമാകുന്നത് രാവണരാജ്യത്തിലാണ്. രാവണരാജ്യത്തിൽ എല്ലാവരുടെയും കർമ്മം വികർമ്മമായി മാറിയിരിക്കുകയാണ്. ഒരു വികർമ്മവും ഉണ്ടാകാത്ത ഒരു മനുഷ്യരുമുണ്ടാകില്ല. മനുഷ്യർ മനസ്സിലാക്കുന്നു സാധു- സന്യാസിമാരിൽ നിന്ന് വികർമ്മമുണ്ടാകില്ലെന്ന് എന്തുകൊണ്ടെന്നാൽ അവർ പവിത്രമായി കഴിയുന്നു. സന്യാസം ചെയ്തിരിക്കുകയാണ്. വാസ്തവത്തിൽ പവിത്രമെന്ന് എന്തിനെയാണ് പറയുന്നത്, ഇത് തീർത്തും അറിയുന്നില്ല. പറയാറുമുണ്ട് നമ്മൾ പതിതമാണെന്ന്. പതിത-പാവനനെയാണ് വിളിക്കുന്നത്. ഏതുവരെ ബാബ വരുന്നില്ലയോ അതുവരെ ലോകം പാവനമായി മാറുകയില്ല. ഇവിടെ ഇത് പതിതമായ ലോകമാണ്, അതിനാലാണ് പാവനമായ ലോകത്തെ ഓർമ്മിക്കുന്നത്. പാവനമായ ലോകത്തിലേക്കു പോകുമ്പോൾ പതിതമായ ലോകത്തെ ഓർമ്മിക്കില്ല. ആ ലോകം തന്നെ വേറെയാണ്. ഓരോ വസ്തുവും പഴയതിൽ നിന്നും പുതിയതാകുകയല്ലേ. പുതിയ ലോകത്തിൽ ഒരു പതിതരുമുണ്ടാകാൻ സാധിക്കില്ല. പുതിയ ലോകത്തിന്റെ രചയിതാവാണ് പരമപിതാ പരമാത്മാവ്, ബാബ തന്നെയാണ് പതിത-പാവനൻ, ബാബയുടെ രചനയും തീർച്ചയായും പാവനമായിരിക്കണം. പതിതർ തന്നെയാണ് പാവനർ, പാവനർ തന്നെയാണ് പതിതർ, ഈ കാര്യങ്ങൾ ലോകത്തിൽ ആരുടെയും ബുദ്ധിയിലിരിക്കാൻ സാധിക്കില്ല. കല്പ-കല്പം ബാബ തന്നെയാണ് വന്നു മനസ്സിലാക്കിതരുന്നത്. നിങ്ങൾ കുട്ടികളിലും പലരും നിശ്ചയബുദ്ധിയുള്ളവർ പിന്നീട് സംശയബുദ്ധികളായി മാറുന്നു. മായ ഒറ്റയടിക്ക് വിഴുങ്ങിക്കളയുന്നു. നിങ്ങൾ മഹാരഥിമാരാണല്ലോ. മഹാരഥിമാരെ തന്നെയാണ് പ്രഭാഷണത്തിലേക്കെല്ലാം വിളിക്കുന്നത്. മഹാരാജാക്കന്മാർക്കും മനസ്സിലാക്കിക്കൊടുക്കണം. നിങ്ങൾ തന്നെയാണ് ആദ്യം പാവനവും പൂജ്യരുമായിരുന്നത്. ഇപ്പോഴാണെങ്കിൽ ഇത് പതിതമായ ലോകം തന്നെയാണ്. പാവനമായ ലോകത്ത് ഭാരതവാസികൾ മാത്രമായിരുന്നു. നിങ്ങൾ ഭാരതവാസികൾ ആദി സനാതന ദേവിദേവതാ ധർമ്മത്തിലെ ഇരട്ട കിരീടധാരികളും സമ്പൂർണ്ണ നിർവികാരികളുമായിരുന്നു. മഹാരഥിമാർക്ക് ഇങ്ങനെ മനസ്സിലാക്കിക്കൊടുക്കണം. ഈ ലഹരിയാൽ മനസ്സിലാക്കിക്കൊടുക്കണം, ഇത് ഭഗവാന്റെ വാക്കുകളാണ്- കാമമാകുന്ന ചിതയിലിരുന്ന് കറുത്തവരായി മാറുന്നു പിന്നീട് ജ്ഞാന ചിതയിലിരിക്കുന്നതിലൂടെ വെളുത്തവരായി മാറും. മനസ്സിലാക്കികൊടുക്കുന്നവർക്ക് കാമമാകുന്ന ചിതയിലിരിക്കാൻ സാധിക്കില്ല. എന്നാൽ മനസ്സിലാക്കികൊടുത്ത് കാമമാകുന്ന ചിതയിലിരിക്കുന്നവരുമുണ്ട്. ഇന്ന് മനസ്സിലാക്കിക്കൊടുക്കുന്നു നാളെ വികാരത്തിലേക്ക് വീണുപോകുന്നു. മായ വളരെ ശക്തിശാലിയാണ്. ചോദിക്കാതിരിക്കുകന്നതാണ് നല്ലത്. മറ്റുള്ളവർക്ക് മനസ്സിലാക്കികൊടുക്കുന്നവർ സ്വയം കാമമാകുന്ന ചിതയിലിരിക്കുന്നു. പിന്നീട് പശ്ചാതപിക്കുന്നു- ഇതെന്തു സംഭവിച്ചു? യുദ്ധമാണല്ലോ. പത്നിയെ കണ്ടു ആകർഷണം വന്നു, മുഖം കറുപ്പിച്ചു. മായ വളരെ ശക്തിശാലിയാണ്. പ്രതിജ്ഞ ചെയ്ത് അഥവാ വീണുപോകുകയാണെങ്കിൽ എത്ര നൂറുമടങ്ങ് ശിക്ഷയാണുണ്ടാകുന്നത്. അവർ ഒരു ശൂദ്രനു സമാനം പതിതമായി മാറി. ഇങ്ങനെ പറയാറുണ്ട് അമൃതം കുടിച്ച് പിന്നീട് പുറത്തുപോയി മറ്റുള്ളവരെ ഉപദ്രവിക്കുമായിരുന്നു. മോശമായ പ്രവൃത്തി ചെയ്തു. രണ്ടു കൈകൊണ്ടാണ് കൈകൊട്ടുന്നത്. ഒന്ന് കൊണ്ട് സാധിക്കില്ല. അപ്പോൾ രണ്ടുപേരും മോശമാകുന്നു. പിന്നീട് ചിലർ മാത്രം വാർത്തകൾ കേൾപ്പിക്കുന്നു, ചിലരാണെങ്കിൽ ലജ്ജ കാരണം വാർത്തകൾ കേൾപ്പിക്കുന്നേയില്ല. ബ്രാഹ്മണകുലത്തിൽ പേര് മോശമായി മാറരുത് എന്ന് ചിലർ മനസ്സിലാക്കുന്നു. യുദ്ധത്തിൽ ചിലർ തോറ്റുപോകുമ്പോൾ നിലവിളിയുണ്ടാകുന്നു. ഇത്രയും വലിയ ശക്തിശാലിയെ

പോലും വീഴ്ത്തിയോ! ഇങ്ങനെ ധാരാളം പേർക്ക് അപകടം ഉണ്ടാകുന്നുണ്ട്. മായയുടെ അടി ഏൽക്കുന്നുണ്ട്, വളരെ വലിയ ലക്ഷ്യമാണല്ലോ.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കികൊടുക്കണം ആരാണോ സതോപ്രധാനരും വെളുത്തവരുമായിരുന്നത്, അവർ തന്നെയാണ് കാമമാകുന്ന ചിതയിലിരുന്ന് കറുത്തവരും തമോപ്രധാനരുമായി മാറിയത്. രാമനെയും കറുത്തതാക്കി ഉണ്ടാക്കിയിരിക്കുന്നു. അനേകരുടെ ചിത്രങ്ങൾ കറുത്തതാക്കി ഉണ്ടാക്കിയിരിക്കുന്നു. എന്നാൽ മുഖ്യമായ കാര്യം മനസ്സിലാക്കികൊടുക്കണം. ഇവിടെയും രാമചന്ദ്രന്റെ കറുത്ത ചിത്രമുണ്ട്, അവരോട് ചോദിക്കണം – കറുത്താക്കിയിരിക്കുന്നതെന്തുകൊണ്ടാണ്? അപ്പോൾ പറയും ഇത് ഈശ്വരന്റെ ഭാവി. ഇതു നടന്നുകൊണ്ടേയിരിക്കും. എന്തുകൊണ്ടാണ് ഉണ്ടാകുന്നത്? എന്താണ് ഉണ്ടാകുന്നത് – ഇതൊന്നും അറയില്ല. ഇപ്പോൾ നിങ്ങൾക്ക് ബാബ മനസ്സിലാക്കിത്തരുന്നു കാമമാകുന്ന ചിതയിലിരിക്കുന്നതിലൂടെ പതിതരും ദുഃഖിയും കാൽ കാശിന് വിലയില്ലാത്തവരുമായി മാറുന്നു. സത്യയുഗമാണ് നിർവികാരി ലോകം. ഇതാണ് വികാരി ലോകം. അതിനാൽ ഈ രീതിയിൽ മനസ്സിലാക്കികൊടുക്കണം. ഇത് സൂര്യവംശികൾ, ഇത് ചന്ദ്രവംശികൾ പിന്നീട് ഇവർക്ക് തന്നെ വൈശ്യവംശികളായി മാറണം. വാമ മാർഗ്ഗത്തിലേക്ക് വരുന്നതിലൂടെ പിന്നീട് ദേവത എന്നു പറയാൻ സാധിക്കില്ല. ജഗന്നാഥന്റെ ക്ഷേത്രത്തിന്റെ മുകളിൽ ദേവതകളുടെ കുലം കാണിക്കാറുണ്ട്. വസ്ത്രം ദേവതകളുടെയാണ്, പെരുമാറ്റം വളരെ മോശമായാണ് കാണിക്കുന്നത്. ബാബ ഏതൊരു കാര്യത്തിലേക്കാണോ ശ്രദ്ധ ആകർഷിക്കുന്നത് അതിൽ ശ്രദ്ധ കൊടുക്കണം. ക്ഷേത്രങ്ങളിൽ ഒരുപാടു സേവനം ചെയ്യാൻ സാധിക്കും. ശ്രീനാഥന്റെയടുത്തു പോയും മനസ്സിലാക്കികൊടുക്കാൻ സാധിക്കും. ചോദിക്കണം ഇവരെ കറുത്തതാക്കിയിരിക്കുന്നതെന്തുകൊണ്ടാണ് ? ഇത് മനസ്സിലാക്കികൊടുക്കാൻ വളരെ എളുപ്പമാണ്. ഇത് സ്വർണ്ണിമയുഗം, ഇതാണ് കലിയുഗം. എന്തായാലും കറ പുരളുമല്ലോ. ഇപ്പോൾ നിങ്ങളുടെ കറ ഇല്ലാതാകുകയാണ്. ആരാണോ ഓർമ്മിക്കുകയേ ചെയ്യാത്തത് അപ്പോൾ കറയും ഇറങ്ങുന്നില്ല. ഒരുപാടു കറ പുരണ്ടിട്ടുണ്ടെങ്കിൽ അവർക്ക് പഴയ ലോകത്തിന്റെ ആകർഷണമുണ്ടായിക്കൊണ്ടിരിക്കും. ഏറ്റവും വലിയ കറ പുരളുന്നത് വികാരത്തിലൂടെയാണ്. പതിതമായതും ഇതിലൂടെയാണ്. സ്വയത്തെ പരിശോധിക്കണം – എന്റെ ബുദ്ധി വികാരത്തിലേക്കൊന്നും പോകുന്നില്ലല്ലോ. വളരെ നല്ല ഒന്താന്തരം കുട്ടികളും തോറ്റു പോകുന്നുണ്ട്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് വിവേകം ലഭിച്ചു. മുഖ്യമായ കാര്യം തന്നെ പവിത്രതയുടേതാണ്. തുടക്കം മുതൽക്കേ അതിൽ തന്നെയാണ് ബഹളമുണ്ടായിവന്നത്. ബാബ തന്നെയാണ് ഈ യുക്തി രചിച്ചിട്ടുള്ളത് – എല്ലാവരും പറയുമായിരുന്നു നമ്മൾ ജ്ഞാനമാകുന്ന അമൃത് കുടിക്കാൻ പോകുന്നു. ജ്ഞാനമാകുന്ന അമൃത് ഉള്ളതു തന്നെ ജ്ഞാനസാഗരന്റെയടുത്താണ്. ശാസ്ത്രം പഠിക്കുന്നതിലൂടെയാർക്കും പതിതത്തിൽ നിന്നും പാവനമാകാൻ സാധിക്കില്ല. പാവനമായി മാറി പിന്നീട് പാവനമായ ലോകത്തേക്ക് പോകണം. ഇവിടെ പാവനമായി മാറി പിന്നീട് എവിടേക്ക് പോകും? ചില ആത്മാവ് മോക്ഷം പ്രാപിച്ചു എന്ന് മനുഷ്യർ മനസ്സിലാക്കുന്നു, അവർക്കെന്തറിയാം, അഥവാ മോക്ഷത്തെ പ്രാപിച്ചുവെങ്കിൽ പിന്നീട് ഇവിടെ ക്രിയാകർമ്മമൊന്നും ചെയ്യാൻ സാധിക്കില്ല. ഇവിടെ ജ്യോതിയെല്ലാം കത്തിച്ചുവെക്കുന്നു അവർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ. അന്ധകാരത്തിൽ അലയാതിരിക്കാൻ. ആത്മാവാണെങ്കിൽ ഒരു ശരീരം വിട്ട് അടുത്തത് ചെന്നെടുക്കുന്നു, ഒരു സെക്കന്റിന്റെ കാര്യമാണ്. അന്ധകാരം പിന്നെവിടുന്ന് വന്നു? ഈ ആചാരം നടന്നുവരുന്നു, നിങ്ങളും ചെയ്യാറുണ്ടായിരുന്നു, ഇപ്പോൾ ഒന്നും തന്നെ ചെയ്യുന്നില്ല. നിങ്ങൾക്കറിയാം ശരീരം മണ്ണായിക്കഴിഞ്ഞു. അവിടെ ഇങ്ങനത്തെ ആചാരനുഷ്ഠാനമുണ്ടാകുന്നില്ല. ഇന്നത്തെക്കാലത്ത് അന്ധവിശ്വാസത്തിന്റെ കാര്യമൊന്നുമില്ല. ചിന്തിക്കൂ, ആർക്കെങ്കിലും ചിറക് മുളച്ചുവെങ്കിൽ, പറക്കാൻ തുടങ്ങുന്നു– പിന്നീടെന്താണ്, അതിൽ നിന്ന് എന്തു ലാഭമാണ് ലഭിക്കുന്നത് ? ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ എന്നാൽ വികർമ്മം വിനാശമാകും. ഇത് യോഗ അഗ്നിയാണ്, ഇതിലൂടെ പതിതത്തിൽ നിന്നും പാവനമായി മാറുന്നത്. ജ്ഞാനത്തിലൂടെ ധനം ലഭിക്കുന്നു. യോഗത്തിലൂടെ സദാ ആരോഗ്യമുള്ളവരും, പവിത്രവും, ജ്ഞാനത്തിലൂടെ സദാ സമ്പന്നരും ധനവാനുമായി മാറുന്നു. യോഗിയുടെ ആയുസ്സ് എപ്പോഴും ഉയർന്നതായിരിക്കും. ഭോഗികളുടേത് കുറവും. കൃഷ്ണനെ യോഗേശ്വരനെന്നു പറയുന്നു. ഈശ്വരന്റെ ഓർമ്മയിലൂടെയാണ് കൃഷ്ണനായി മാറിയത്, കൃഷ്ണനെ സ്വർഗ്ഗത്തിൽ യോഗേശ്വരനെന്നു പറയില്ല. കൃഷ്ണൻ രാജകുമാരനല്ലേ. കഴിഞ്ഞ ജന്മത്തിൽ അങ്ങനെയുള്ള കർമ്മം ചെയ്തിട്ടുണ്ട്, അതിലൂടെയാണ് കൃഷ്ണനായി മാറിയത്. കർമ്മം–അകർമ്മം–വികർമ്മത്തിന്റെ ഗതിയും ബാബ തന്നെയാണ് മനസ്സിലാക്കിത്തന്നത്. പകുതി കല്പമാണ് രാമരാജ്യം, പകുതി കല്പമാണ് രാവണരാജ്യം. വികാരത്തിലേക്ക് പോകുക – ഇതാണ് ഏറ്റവും വലിയ പാപം. എല്ലാവരും സഹോദരീ–സഹോദരൻമാരല്ലേ. ആത്മാക്കളെല്ലാവരും സഹോദര–സഹോദരങ്ങളല്ലേ. ഭഗവാന്റെ സന്താനമായിട്ട് പിന്നീട് വികാരികർമ്മമെങ്ങനെയാണ് ചെയ്യുന്നത്. നമ്മൾ ബ്രഹ്മാകുമാരനും– ബ്രഹ്മാകുമാരിമാർക്കും വികാരത്തിലേക്ക് പോകാൻ സാധിക്കില്ല. ഈ യുക്തിയോടുകൂടി മാത്രമെ പവിത്രമായി കഴിയാൻ സാധിക്കുകയുള്ളൂ. നിങ്ങൾക്കറിയാം ഇപ്പോൾ രാവണരാജ്യം ഇല്ലാതാകുകയാണ്

പിന്നീട് ഓരോ ആത്മാവും പവിത്രമായി മാറും. അതിനെയാണ് പറയുന്നത് വീടു- വീടുകളിൽ പ്രകാശം. നിങ്ങളുടെ ജ്യോതി തെളിഞ്ഞിരിക്കുകയാണ്. ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കുകയാണ്. സത്യയുഗത്തിൽ എല്ലാവരും പവിത്രമായിരിക്കും. ഇതും നിങ്ങൾ ഇപ്പോഴാണ് മനസ്സിലാക്കുന്നത്. മറ്റുള്ള വർക്ക് മനസ്സിലാക്കികൊടുക്കാൻ കുട്ടികളിൽ നമ്പർവൈസ് ശക്തിയുണ്ട്. നമ്പർവൈസായാണ് ഓർമ്മയി ലിരിക്കുന്നത്. രാജധാനി എങ്ങനെയാണ് സ്ഥാപിക്കുന്നതെന്നതിനെക്കുറിച്ച് ആരുടെയും ബുദ്ധിയിലുണ്ടാ വില്ല. നിങ്ങൾ സൈന്യമല്ലേ. അറിയാം ഓർമ്മയുടെ ബലത്തിലൂടെ പവിത്രമായി മാറി നമ്മൾ രാജാവും റാണിയുമായി മാറുകയാണ്. പിന്നീട് അടുത്ത ജന്മത്തിൽ വായിൽ സ്വർണ്ണ സ്പൂണായിരിക്കും. വലിയ പരീക്ഷ പാസാകുന്നവർ പദവിയും ഉയർന്നത് പ്രാപ്തമാക്കും. വ്യത്യാസമുണ്ടല്ലോ, എത്ര പഠിപ്പുണ്ടോ അത്രയും സുഖവുമുണ്ട്. ഇത് ഭഗവാനാണ് പഠിപ്പിക്കുന്നത്. ഈ ലഹരി സദാ വർദ്ധിച്ചിരിക്കണം. ശക്തി ക്കനുസരിച്ചുള്ള സമ്പത്ത് ലഭിക്കുന്നു. ഭഗവാനല്ലാതെ ആർക്ക് ഇങ്ങനെ ഭഗവാൻ - ഭഗവതിയാക്കി മാറ്റുവാൻ സാധിക്കും. നിങ്ങൾ ഇപ്പോൾ പതിതത്തിൽ നിന്ന് പാവനമായി മാറുകയാണ് പിന്നീട് ജന്മ- ജന്മാന്തരത്തിലേക്കു വേണ്ടി സുഖിയായി മാറും. ഉയർന്ന പദവി പ്രാപ്തമാക്കും. പഠിച്ച്- പഠിച്ച് പിന്നീട് മോശമായി മാറുന്നവരുമുണ്ട്. ദേഹാഭിമാനത്തിലേക്കു വരുന്നതിലൂടെ പിന്നീട് ജ്ഞാനത്തിന്റെ മൂന്നാ മത്തെ നേത്രം അടഞ്ഞുപോകുന്നു. മായ വളരെ ശക്തിശാലിയാണ്. ബാബ സ്വയം പറയുന്നു ഇവിടെ വളരെയധികം പരിശ്രമമുണ്ട്. ബ്രഹ്മാവിന്റെ ശരീരത്തിൽ വന്ന് ഞാൻ എത്രയാണ് പരിശ്രമിക്കുന്നത്. ചിലർ മനസ്സിലാക്കിക്കഴിഞ്ഞാലും പറയും എങ്ങനെ ഭഗവാന് വന്ന് പഠിപ്പിക്കാൻ സാധിക്കും- ഞങ്ങൾ അംഗീക രിക്കുന്നില്ല. ഇത് കുബുദ്ധിയാണ്. ഇങ്ങനെ പറയുന്നവരുമുണ്ട്. രാജധാനി തീർച്ചയായും സ്ഥാപിക്കുക തന്നെ വേണം. പറയാറുണ്ടല്ലോ സത്യത്തിന്റെ തോണി ആടും ഉലയും എന്നാൽ മുങ്ങില്ല. എത്ര വിഘ്നങ്ങളാണ് ഉണ്ടാകുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവു മായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) യോഗത്തിന്റെ അഗ്നിയിലൂടെ വികാരങ്ങളുടെ കറയെ ഇല്ലാതാക്കണം. സ്വയത്തെ പരിശോധിക്കണം എന്റെ ബുദ്ധി വികാരത്തിലേക്കൊന്നും പോകുന്നില്ലല്ലോ?

2) നിശ്ചയബുദ്ധിയായതിനുശേഷം പിന്നീടൊരിക്കലും സംശയമുണ്ടാകരുത്. വികർമ്മങ്ങളിൽ നിന്ന് രക്ഷ പ്പെടുന്നതിനുവേണ്ടി ഏതൊരു കർമ്മവും തന്റെ സ്വധർമ്മത്തിൽ സ്ഥിതി ചെയ്തുകൊണ്ട് ബാബയുടെ ഓർമ്മയിൽ ചെയ്യണം.

## വരദാനം : ശ്രേഷ്ഠ പാലനയുടെ വിധിയിലൂടെ വൃത്തി ഉണ്ടാക്കുന്ന സർവരുടെയും അഭിനന്ദനങ്ങൾക്ക് പാത്രമായി ഭവിക്കട്ടെ.

സംഗമയുഗം അഭിനന്ദനങ്ങളിലൂടെ വൃദ്ധി ലഭിക്കുന്ന യുഗമാണ്. ബാബയുടെ, പരിവാരത്തിന്റെ അഭിനന്ദ ങ്ങളിലൂടെയാണ് പാലന ചെയ്യപ്പെടുന്നത്. അഭിനന്ദനങ്ങൾ ഇലൂടെയാണ് നൃത്തം ചെയ്യുന്നതും, ഗാനം ആലപിക്കുന്നതും, പറന്നുയരുന്നതും. ഈ പാലനയും മനോഹരമാണ്. അതിനാൽ താങ്കൾ കുട്ടികൾ വ ലിയ മനസ്സോടെ, ദയ ഭാവത്തോടെ ദാദാവായി കൊണ്ട് ഓരോ നിമിഷവും പരസ്പരം വളരെ നല്ലത് വ ളരെ നല്ലത് എന്ന് അഭിനന്ദനങ്ങൾ നൽകിക്കൊണ്ടിരിക്കു ഇതുതന്നെയാണ് പാലനയുടെ ശ്രേഷ്ഠ വിധി ഈ വിധിയിലൂടെ സർവ്വരെയും പാലന ചെയ്തുകൊണ്ടിരിക്കു എങ്കിൽ അഭിനന്ദനങ്ങൾക്ക് പാത്രമായി മാറും.

## സ്ലോഗൻ- താങ്കളുടെ സ്വഭാവം സരളം ആക്കുക ഇതുതന്നെയാണ് സമാധാന സ്വരൂപ മായി മാറുന്നതിനുള്ള സഹജ വിധി

**അവ്യക്തസൂചന- ഇപ്പോൾ സ്നേഹത്തിന്റെ അഗ്നിയെ ജ്വലിപ്പിച്ച് യോഗത്തെ ജ്വാലാസ്വരൂപമാക്കി മാറ്റൂ.** താങ്കൾ കുട്ടികളുടെ പക്കൽ പവിത്രതയുടെ മഹാ ശക്തിയുണ്ട് ഈ ശ്രേഷ്ഠ ശക്തി തന്നെയാണ് അഗ്നി യുടെ പ്രവർത്തി ചെയ്യുന്നത്, ഒരു സെക്കൻഡിൽ വിശ്വത്തിലെ അഴുക്കുകളെ ബസ്മീകരിക്കുവാ ൻ സാധിക്കുന്നു. എപ്പോൾ ആത്മാവ് പവിത്രതയുടെ സമ്പൂർണ്ണ സ്ഥിതിയിൽ സ്ഥിതി ചെയ്യുന്നുവോ

ലഗൻ ആക്കുന്ന അഗ്നി പ്രജ്വലിച്ചു കൊണ്ടിരിക്കുന്നു അതോടൊപ്പം അഴുക്കുകളെ ബസ്മീകരിച്ചു കൊണ്ടിരിക്കുന്നു വാസ്തവത്തിൽ ഇതുതന്നെയാണ് യോഗ ജ്വാല. ഇപ്പോൾ നിങ്ങൾ കുട്ടികൾ തന്റെ ഈ ശ്രേഷ്ഠ ശക്തിയെ കാര്യത്തിൽ ഉപയോഗിക്കു.

**മാതേശ്വരിജിയുടെ അമൂല്യ മഹാവാക്യം : പുരുഷാർത്ഥത്തിന്റെയും പ്രാലബ്ധത്തിന്റെയും അനാദിയായി ഉണ്ടാക്കിയിട്ടുള്ള ഡ്രാമ"**

**മാതേശ്വരി**: പുരുഷാർത്ഥവും പ്രാലബ്ധവും രണ്ട് വസ്തുക്കളാണ്, പുരുഷാർത്ഥത്തിലൂടെ പ്രാലബ്ധം ഉണ്ടാകുന്നു. ഈ അനാദിയായ സൃഷ്ടിയുടെ ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു, ആദി സനാതന ഭാരതവാസി പൂജ്യരായിരുന്നു, അവർ തന്നെ പിന്നീട് പൂജാരിയായി വീണ്ടും അതേ പൂജാരി പുരുഷാർത്ഥം ചെയ്ത് പൂജ്യരാകും, ഈ ഇറങ്ങലും കയറലും അനാദിയായ ഡ്രാമയുടെ കളി ഉണ്ടാക്കിയിരിക്കുന്നു.
**ജിജ്ഞാസു**: മാതേശ്വരീ, എനിക്കും ഇങ്ങനെയൊരു ചോദ്യമുണ്ട് ഈ ഡ്രാമ ഇങ്ങനെ ഉണ്ടാക്കിയിട്ടുള്ളതാണെങ്കിൽ വീണ്ടും മുകളിലേക്ക് കയറേണ്ടതായുണ്ടെങ്കിൽ സ്വയം തന്നെ കയറില്ലേ പിന്നീട് പുരുഷാർത്ഥം ചെയ്യുന്നതുകൊണ്ടുള്ള പ്രയോജനം തന്നെ എന്താണ്? ആര് കയറുന്നോ വീണ്ടും വീഴും പിന്നീട് ഇത്രയും പുരുഷാർത്ഥം തന്നെ എന്തിനാണ് ചെയ്യുന്നത്? മാതേശ്വരീ, താങ്കൾ പറഞ്ഞിട്ടുണ്ട് ഈ ഡ്രാമ ഇതുപോലെ തന്നെ ആവർത്തിക്കും അപ്പോൾ സർവ്വശക്തിവാനായ പരമാത്മാവ് സദാ ഒരേ കളി കണ്ട് എന്താ മടുക്കില്ലേ? ഏതുപോലെയാണോ 4 ഋതുക്കളിൽ മഞ്ഞ് കാലം, വേനൽക്കാലം മുതലായവയിൽ വ്യത്യാസമുള്ളത് അപ്പോൾ എന്താ ഈ കളിയിൽ വ്യത്യാസമുണ്ടാകില്ലേ?
**മാതേശ്വരീ**: അതെ, അത് ഈ ഡ്രാമയുടെ സവിശേഷതയാണ്, ഇതുപോലെ തന്നെ ഇത് ആവർത്തിക്കുന്നു ഇതിൽ വേറെയും സവിശേഷതയുണ്ട്, ഇത് ആവർത്തിച്ചുകൊണ്ടും സദാ പുതിയതായി തോന്നുന്നു. മുൻപ് ഈ അറിവുണ്ടായിരുന്നില്ല, എന്നാൽ എപ്പോൾ ജ്ഞാനം ലഭിച്ചോ അപ്പോൾ മുതൽ എന്തെല്ലാമാണോ സെക്കന്റ് ബൈ സെക്കന്റ് നടക്കുന്നത്, കൽപം മുൻപത്തേത് തന്നെയാണ് നടക്കുന്നത് എന്നാൽ എപ്പോൾ സാക്ഷിയാണെന്ന് മനസ്സിലാക്കിക്കൊണ്ട് അതിനെ കാണുന്നോ അപ്പോൾ സദാ പുതിയതാണെന്ന് അനുഭവം ചെയ്യുന്നു. ഇപ്പോൾ സുഖവും ദുഃഖവും രണ്ടിന്റെയും തിരിച്ചറിവ് ലഭിച്ചിട്ടുണ്ട് അതുകൊണ്ട് ഇങ്ങനെ വിചാരിക്കരുത് അതായത് തോൽക്കുമെങ്കിൽ പിന്നെന്തിനാണ് പഠിക്കുന്നത്? അങ്ങനെയല്ല, അങ്ങനെയെങ്കിൽ ഇങ്ങനെയും മനസ്സിലാക്കണം, ഭക്ഷണം ലഭിക്കാനുണ്ടെങ്കിൽ തനിയെ തന്നെ ലഭിക്കും, പിന്നീടെന്തിനാണ് ഇത്രയും പരിശ്രമിച്ച് സമ്പാദിക്കുന്നത്? അതുപോലെ നമ്മളും കണ്ടുകൊണ്ടിരിക്കുകയാണ് ഇപ്പോൾ കയറുന്ന കലയുടെ സമയം വന്നിരിക്കുന്നു, അതേ ദേവതാ കുലം സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എങ്കിൽ എന്തുകൊണ്ട് ഈ സമയം ആ സുഖം നേടിക്കൂടാ. ഏതുപോലെയാണോ നോക്കൂ ആരെങ്കിലും ജഡ്ജിയാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ എപ്പോൾ പുരുഷാർത്ഥം ചെയ്യുന്നോ അപ്പോഴല്ലേ ആ ഡിഗ്രിയെ സ്വായത്ത്വമാക്കുന്നത്. അഥവാ അതിൽ പരാജയപ്പെടുകയാണെങ്കിൽ പരിശ്രമം തന്നെ പാഴാകുന്നു, എന്നാൽ ഈ അവിനാശീ ജ്ഞാനത്തിൽ അങ്ങനെ സംഭവിക്കില്ല, അൽപം പോലും ഈ ജ്ഞാനത്തിന്റെ വിനാശം സംഭവിക്കുന്നില്ല. ഇത്രയും പുരുഷാർത്ഥം ചെയ്ത് ദൈവീക രാജകുലത്തിലേക്ക് വരുന്നില്ലെങ്കിലും കുറഞ്ഞ പുരുഷാർത്ഥമാണ് ചെയ്തതെങ്കിലും ആ സത്യയുഗീ ദൈവീക പ്രജയിലേക്ക് വരാൻ സാധിക്കും. എന്നാൽ പുരുഷാർത്ഥം ചെയ്യേണ്ടത് ആവശ്യമാണ് എന്തുകൊണ്ടെന്നാൽ പുരുഷാർത്ഥത്തിലടെ മാത്രമാണ് പ്രാലബ്ധമുണ്ടാകുക, സമർപ്പണം പുരുഷാർത്ഥത്തിന്റേത് എന്ന് തന്നെയാണ് വാഴ്ത്തിയിട്ടുള്ളത്.

**"ഈ ഈശ്വരീയ ജ്ഞാനം സർവ്വ മനുഷ്യാത്മാക്കൾക്കും വേണ്ടിയുള്ളതാണ് "**

ഏറ്റവും ആദ്യം തന്റെയുള്ളിൽ ഒരു മുഖ്യ പോയന്റിന്റെ ചിന്ത അവശ്യം വയ്ക്കണം, എപ്പോൾ ഈ മനുഷ്യ സൃഷ്ടിയാകുന്ന വൃക്ഷത്തിന്റെ ബീജരൂപൻ പരമാത്മാവാണെങ്കിൽ ആ പരമാത്മാവിലൂടെ ഏതൊരു ജ്ഞാനമാണോ പ്രാപ്തമായിക്കൊണ്ടിരിക്കുന്നത് അത് സർവ്വ മനുഷ്യർക്കും അത്യാവശ്യമാണ്. സർവ്വ ധർമ്മത്തിലുള്ളവർക്കും ഈ ജ്ഞാനം എടുക്കുന്നതിനുള്ള അധികാരമുണ്ട്. ഓരോ ധർമ്മത്തിന്റെയും ജ്ഞാനം വ്യത്യസ്തമായിക്കാം, ഓരോരുത്തരുടെയും ശാസ്ത്രം വ്യത്യസ്തമായിരിക്കാം, ഓരോരുത്തരുടെയും അഭിപ്രായം വ്യത്യസ്തമായിരിക്കാം, ഓരോരുത്തരുടെയും സംസ്ക്കാരം വ്യത്യസ്തമായിരിക്കാം എന്നാൽ ഈ ജ്ഞാനം എല്ലാവർക്കുമുള്ളതാണ്. ഇനി അവർക്ക് ഈ ജ്ഞാനത്തെ എടുക്കാൻ സാധിച്ചില്ലെങ്കിലും, നമ്മുടെ കുലത്തിലേക്ക് വന്നില്ലെങ്കിലും എല്ലാവരുടെയും പിതാവായത് കാരണം ആ ബാബയുമായി യോഗം വയ്ക്കുന്നതിലൂടെ വീണ്ടും പവിത്രമായി അവശ്യം മാറും. ഈ പവിത്രത കാരണം അവരുടെ തന്നെ വിഭാഗത്തിൽ പദവി അവശ്യം നേടും എന്തുകൊണ്ടെന്നാൽ യോഗത്തെ എല്ലാ മനുഷ്യരും അംഗീകരിക്കുന്നുണ്ട്, ധാരാളം മനുഷ്യർ പറയാറുണ്ട് ഞങ്ങൾക്കും മുക്തി വേണം, എന്നാൽ ശിക്ഷകളിൽ നിന്നും രക്ഷ നേടി മുക്തമാകുന്നതിനുള്ള ശക്തിയും ഈ യോഗത്തിലൂടെ ലഭിക്കും. ശരി – ഓം ശാന്തി.